(സി) താൽക്കാലിക ഒഴിവുകളിലേക്ക് നിയമനം നടത്താൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പ്രയോജനപ്പെടുത്താത്ത വകുപ്പുകളെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) സർക്കാർ വകുപ്പുകളിലേയും സ്ഥാപനങ്ങളിലേയും താൽക്കാലിക നിയമനങ്ങളെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാണെന്ന് ഉറപ്പുവരുത്താൻ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി, ഡി) ചില വകുപ്പുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെ നിയമനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് പരിഹാരമായി സർക്കാർ വകുപ്പുകളിലേയും സ്ഥാപനങ്ങളിലേയും താൽക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന മാത്രമേ നികത്താവു എന്ന് വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകുന്നതും അത് ലംഘിക്കുന്നവർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

തൊഴിലാളി ക്ഷേമനിധി

*24 [114] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മേഖലകളായ കയർ, കശുവണ്ടി, ചെത്ത് എന്നിവയിലെ തൊഴിലാളികൾക്കു വേണ്ടിയുള്ള ക്ഷേമനിധി തുക ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്ഷേമനിധി സ്ഥാപനങ്ങളുടെ ഭരണച്ചെലവ് കുറയ്ക്കുവാനും തൊഴിലാളികൾക്കുള്ള പെൻഷൻ, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സഹായം തുടങ്ങിയവ വർദ്ധിപ്പിച്ച് കാലോചിതമാക്കാനും നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഈ മേഖലയുമായി ബന്ധവും അനുഭവ സമ്പത്തുമുള്ളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭരണ ചെലവ് കുറയ്ക്കുന്നതിന് പരമാവധി ശ്രദ്ധിക്കുന്നുണ്ട്. ചെത്ത് തൊഴിലാളികളുടെ മിനിമം പെൻഷൻ 100 രൂപയിൽ നിന്നും 150 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ക്യാൻസർ ചികിത്സാ സഹായം, വിദ്യാഭ്യാസ സഹായം എന്നിവ കാലോചിതമായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ ഈ മേഖലയുമായി ബന്ധമുള്ളവരും കൂടി ഉൾപ്പെടുന്ന ഡയറക്ടർ ബോർഡുകളാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly